ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രി/ഡിപ്ലോമയ്ക്കു തത്തുല്യമായ യോഗ്യതയുള്ളതും മേൽപ്പറഞ്ഞ പ്രകാരം യഥാക്രമം 2 വർഷം/7വർഷം പ്രവൃത്തിപരിചയമുള്ള രാജ്യരക്ഷാ സർവ്വീസിലുള്ളവർ. ശമ്പള സ്കെയിൽ - 6675-10550 രൂപ.

(ഡി)&(ഇ) മേൽപ്പറഞ്ഞ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും/പത്രത്തിൽ പരസ്യം ചെയ്തും നിയമനം നടത്താൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മാനേജീരിയൽ/പ്രൊഫഷണൽ തസ്തികയിലേക്ക് പരസ്യത്തിൽക്കൂടിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിക്കുന്ന ഉദ്യോഗാർത്ഥികളിൽനിന്നും തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്. 23.5.2000 ൽ കോർപ്പറേഷൻ പരസ്യപ്പെടുത്തിയ മെയിന്റനൻസ് ഇഞ്ചിനീയർ (ഇലക്ട്രിക്കൽ) ഒരു മാനേജീരിയൽ/പ്രൊഫഷണൽ തസ്തികയാണ്. അതിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കാനുള്ള പരസ്യം നൽകിയതോടൊപ്പം പ്രൊഫഷണൽ ആന്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും നോട്ടിഫൈ ചെയ്തിട്ടുണ്ട്.

(എഫ്) അനധികൃതമായി യാതൊരു നിയമനത്തിനും നോട്ടിഫിക്കേഷൻ കൊടുത്തിട്ടില്ല.

കുഞ്ഞാലിമരയ്ക്കാർ കേന്ദ്രത്തിന്റെ വികസനം

119 (777)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഇരിങ്ങൽ പാറയുമായി ബന്ധപ്പെടുത്തി കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ കേന്ദ്രത്തിൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്തുതുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യവികസനത്തോടൊപ്പം ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഈ കോംപ്ലക്സിനോട് ചേർന്ന് ഒരു മ്യൂസിയം, പഠനകേന്ദ്രം, ലൈബ്രറി, ആർട്ട് ഗ്യാലറി തുടങ്ങിയവയും കുഞ്ഞാലിമരയ്ക്കാറുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

വേമ്പനാട്ട് കായലിലെ വിനോദസഞ്ചാര വികസന പദ്ധതികൾ

120 (778) ശ്രീ. ഇ.ടി. മുഹമ്മദ്ബഷീർ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. മുനീർ :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടു കായലിലെ ചെറു ദ്വീപുകളെ ബന്ധിപ്പിച്ച് സ്വകാര്യ ഏജൻസികളുടെ സഹകരണത്തോടെ വിനോദസഞ്ചാര വികസനം നടത്തുവാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ദ്വീപിന്റെയും ടൂറിസം സാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ദ്വീപുകളുടെ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ദ്വീപുകളിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ടൂറിസം വികസനപരിപാടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) വേമ്പനാട്ട് കായലിലെ ചെറുദ്വീപുകളെ ബന്ധിപ്പിച്ച് സ്വകാര്യ ഏജൻസികളുടെ സഹകരണത്തോടെ വിനോദസഞ്ചാര വികസനം നടത്തുന്നതിന് വിശദമായ പദ്ധതികളൊന്നും ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടില്ല. എന്നാൽ വേമ്പനാട്ട് കായലിൽ സ്ഥിതിചെയ്യുന്ന 'പാതിരാമണൽ' ദ്വീപിന്റെ വികസനത്തിന് രാജ്യത്തെ പ്രമുഖ ഹോട്ടൽ ഗ്രൂപ്പുകളിലൊന്നായ 'ഒബ്റോയ്' ഗ്രൂപ്പുമായി ധാരണയിലെത്തിയിട്ടുണ്ട്. ഈ ദ്വീപിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ടൂറിസ്റ്റ് റിസോർട്ട് വികസിപ്പിച്ചെടുക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

വാഴാനി ഡാമിനോടനുബന്ധിച്ചുള്ള ഉദ്യാനത്തിന്റെ മോടിപിടിപ്പിക്കൽ

121 (779) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി ഡാമിനോടനുബന്ധിച്ചുള്ള ഉദ്യാനം മോടിപിടിപ്പിക്കുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും സമർപ്പിച്ചിട്ടുള്ള പദ്ധതിയിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വാഴാനി ഡാം പ്രദേശത്തെക്കൂടി സർക്കാരിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജലസേചനവകുപ്പ് തൃശ്ശൂർ ജില്ലാ കളക്ടർ മുഖാന്തിരം സമർപ്പിച്ചിട്ടുള്ള പ്രത്യേക വിനോദസഞ്ചാര പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുമോ?

ഉത്തരം

(എ) വാഴാനി ഡാം സൈറ്റിൽ ടൂറിസം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ശുപാർശകളൊന്നും ഇതുവരെ സർക്കാരിൽ ലഭിച്ചിട്ടില്ല. ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

1180/2010.

LIBRARY ARCHIVES Kerala Legislative Assembly